# കാലം മാറുമ്പോൾ

**കോ**വിഡ് മഹാവ്യാധി ലോകത്തെ ആകമാനം തുലാസിൽ നിർത്തിയതിനൊപ്പം എമ്പാടും കാതലായ മാറ്റങ്ങൾക്കും വഴിതെളിച്ചു. നമ്മുടെ ഭൂതവും ഭാവിയും വർത്തമാനവും എല്ലാം തമ്മിൽ കൂട്ടിമുട്ടിയ ദിനങ്ങളായിരുന്നു ഇവയെന്നു പറയാം. തിരിച്ചറിയപ്പെടാത്ത ഒരു ശത്രുവിൽ നിന്നുള്ള രോഗബാധയും, ഒരു പക്ഷേ മരണ സാധ്യതയും ഏവരെയും ആശങ്കാകുലരാക്കി. ഇതാകട്ടെ ഏവരുടെയും ജീവിതത്തെയും ചിന്തയെയും പ്രവൃത്തിയെയുമെല്ലാം കീഴ്മേൽ മറിച്ചു. ചരിത്രത്തിലെ ഈ ദശാസന്ധിയെ വ്യത്യസ്തമായ കാഴ്ചപ്പാടിലൂടെ വിലയിരുത്തുന്ന പുസ്തകമാണ് റമിൻ ജഹാൻ ബെഗ്‌ലൂ എഴുതിയ 'ദ് കറേജ് ടു എക്സിസ്റ്റ്'.

അപ്രതീക്ഷിതമായുണ്ടായ മഹാവ്യാധിയിൽ മനുഷ്യൻ ആദ്യം അമ്പരന്നു പോയി. അതിൽ നിന്ന് മുക്തി നേടാനുള്ള തീരുമാനങ്ങൾ എടുക്കുക ഏറെ ശ്രമകരമായിരുന്നു. ഇതൊരു തുടർപ്രക്രിയ ആയേക്കാം. ഇനിയും ഇത്തരം മഹാവ്യാധികൾ നേരിടേണ്ടി വന്നേക്കാം. അതിനെ നേരിടാൻ മാറിയ മനസ്സോടെ മനുഷ്യൻ തയാറാകണമെന്ന ആശയമാണ് പ്രശസ്ത ദാർശനികനായ റമിൻ ജഹാൻ ബെഗ്‌ലൂ മുന്നോട്ടു വയ്ക്കുന്നത്.

എല്ലാ മനുഷ്യരെയും ഒന്നായി കണ്ടുകൊണ്ടുള്ള മാനവികതയുടെ പുതിയ സദാചാര ബോധം ഉടലെടുക്കേണ്ടിയിരിക്കുന്നു എന്ന് ഈ പുസ്തകം നമ്മെ ഓർമിപ്പിക്കുന്നു.




*ദ് കറേജ് ടു എക്സിസ്റ്റ്*
*റമിൻ ജഹാൻ ബെഗ്‌ലൂ*
*ഓറിയന്റ് ബ്ലാക്ക്സ്വാൻ ഹൈദരാബാദ്*
*വില: 195 രൂപ.*

മംഗളം Sun, 28 February 2021
epaper.mangalam.com/c/58804779

**The translation:**

The COVID pandemic has shown the way for bringing about all-encompassing and enduring changes the world over. It may be said that our past, present, and future have coalesced in these times. The uncertainty brought on by this unknown enemy—with death as a very likely outcome—has had everyone in a state of great anxiety. This anxiety has upended everyone's lives, thoughts, and actions. Ramin Jahanbegloo's book titled *'The Courage to Exist: A Philosophy of Life and Death in the Age of Coronavirus*' offers a different perspective on this defining juncture in our history.

Initially, the unexpected pandemic was viewed with a sense of shock; finding the means to combat it and making the right decision was no easy task. That the pandemic is not a one-off phenomenon but rather, part of a periodic wave (with more pandemics to follow), is also seen now as a possibility. The author proposes that we humans must get ready to face this contingency with a new, altered mindset. There is a need for the emergence of a new moral sense for humanity—one that sees all humans as truly equal. This book opens up us to this fact.